ഉത്തരം

(എ യും ബി യും) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ല. സ്പെഷ്യൽ റൂൾസ് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യം സംബന്ധിച്ച് അദ്ധ്യാപകേതര സർവീസ് സംഘടനകളുമായി ഒരുവട്ടം ചർച്ച നടന്നുകഴിഞ്ഞു.

(സി) സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ കരട് തയ്യാറായിട്ടില്ല.

പാർട്ട്ടൈം നിയമനത്തിനുള്ള വ്യവസ്ഥകൾ

145 [148] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ പാർട്ട്ടൈം നിയമനത്തിനു നിലവിലുള്ള നിയമവ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ ആധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത നിയമനത്തിനായി ജില്ലകളിൽ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ജില്ലകളിൽ പ്രസ്തുത നിയമനം തടസ്സപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം പാർട്ട്ടൈം സ്വീപ്പർമാരുടെ നിയമനത്തിന് ജി.ഒ.(എം.എസ്.) 291/01/എച്ച്. ആന്റ് എഫ്. ഡബ്ലിയു. ഡി. തീയതി 13-11-2001 പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇവരുടെ യോഗ്യത നിർണ്ണയിക്കുന്നത് താഴെ പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ്:

വിദ്യാഭ്യാസ യോഗ്യത		..	ഇല്ല.
1.	7-ാം ക്ലാസ്സിനുമുകളിൽ	..	10 മാർക്ക്
2.	ആരോഗ്യം, ശാരീരിക ക്ഷമത	..	10 മാർക്ക്
3.	ഇന്റർവ്യൂ	..	30 മാർക്ക്
	ആകെ	..	50 മാർക്ക്

ജി. ഒ.(എം. എസ്.) 141/02/എച്ച്. ആന്റ് എഫ്. ഡബ്ലിയു. ഡി. തീയതി 21-6-2002 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ചെയർമാനും സർക്കാർ നിർദ്ദേശിക്കുന്ന രണ്ട് നോമിനികൾ അംഗങ്ങളുമായ ജില്ലാതല സെലക്ഷൻ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പുതുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അതുവരെ നിയമനങ്ങൾ നിർത്തിവയ്ക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട് വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കോഴിക്കോട്, കാസർഗോഡ്, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ ചില ആളുകൾ തടസ്സം സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട്, കോട്ടയം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ സർക്കാർ നിയമിച്ച നോമിനികൾ മാറിയതുമൂലവും അസൗകര്യം അറിയിച്ചതുമൂലവും വന്ന ഒഴിവുകളിൽ, നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചതിനാൽ പകരം നോമിനികളെ നിയമിച്ചിട്ടില്ല.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകൾക്ക് തസ്തിക മാറ്റം വഴി നിയമനം

146 [149] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ ജോലി ചെയ്യുന്ന ബി. ഫാം ബിരുദധാരികളായ ഫാർമസിസ്റ്റുകൾക്ക് തസ്തിക മാറ്റം വഴി ഫാർമസി ലക്ചറർമാരായി നിയമനം ലഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുമ്പോൾ ഇക്കാര്യം ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വർക്ക്ഷോപ്പിന്റെ പ്രവർത്തനവും കേടായ ഉപകരണങ്ങളും

147 [150] ശ്രീ. ലൂഡി ലൂയിസ്:
,, എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. പി. വിശ്വനാഥൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് വർക്ക്ഷോപ്പ് പ്രവർത്തിക്കുന്നുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly